**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2022 ആഗസ്റ്റ് 15 വരെ പദ്ധതിയിലെ ഗുണഭോക്താക്കളായ അംഗങ്ങളുടെ ചികിത്സാ ബില്ലിലേക്ക് ഇൻഷ്വറൻസ് കമ്പനി എത്ര രൂപ ആശുപത്രികൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **ആഗസ്റ്റ് 15 വരെ 12,70,13,003/- രൂപ ആശുപത്രികൾക്ക് കൈമാറിയിട്ടുണ്ടെന്നുമാണ് കമ്പനി അറിയിച്ചിട്ടുള്ളത്.** |
| (ബി) | ആശുപത്രികൾക്ക് പണം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | (ബി) | **ഉണ്ട്. ആശുപത്രികളുടെ കൃത്യമായ ബാങ്ക് അക്കൗണ്ട്, PAN Card എന്നിവ അപ്ഡേറ്റ് ചെയ്യാതെ തെറ്റായ അക്കൗണ്ടിൽ പണം ഒടുക്കുകയും ആയത് തിരികെ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസമാണ് ആശുപത്രികൾക്ക് പണം ലഭിക്കുന്നത് വൈകുന്നതെന്നാണ് കമ്പനിയിൽ നിന്നും ലഭിച്ച വിവരം. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം ഒരു രോഗിയെ ഡിസ്ചാർജ് ചെയ്തു എത്ര ദിവസം പൂർത്തിയായാൽ ചികിത്സാ ബിൽ തുക ആശുപത്രിക്ക് കൈമാറാം എന്നാണ് വ്യവസ്ഥ ചെയ്തതെന്ന് വ്യക്തമാക്കുമോ; സർക്കാർ ഇവയുടെ മേൽനോട്ടത്തിന് ഏത് സ്വകാര്യ ഏജൻസിയെയാണ് ഏർപ്പാടാക്കിയതെണ് വ്യക്തമാക്കുമോ; | (സി) | **ക്ലെയിം തീയതി അപ്രൂവൽ ആകുന്ന ദിവസം തുടങ്ങി 15 ദിവസത്തിനുള്ളിൽ ബിൽ തുക ആശുപത്രിക്ക് കൈമാറണം എന്നുള്ളതാണ് കമ്പനിയും ആശുപത്രികളും തമ്മിലുള്ള വ്യവസ്ഥ. സർക്കാർ ഇ-ടെൻഡർ നടപടികളിലൂടെ തെരെഞ്ഞെടുത്ത പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയായ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെയാണ് പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം ഏൽപ്പിച്ചിരിക്കുന്നത്.** |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ഒരോ ചികിത്സക്കും ഇൻഷ്വറൻസ് കമ്പനി, തുകക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ? എങ്കിൽ സാധാരണ പ്രസവം, സിസേറിയൻ, ആൻജിയോ പ്ലാസ്റ്റി, ജനറൽ മെഡിസിൻ എന്നിവക്ക് നിശ്ചയിച്ച പരിധി എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ ഉൾപ്പെട്ട Request For Proposal (RFP)ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ചികിത്സാ നിരക്കുകളാണ് കമ്പനി അംഗീകരിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സാധാരണ പ്രസവം, സിസേറിയൻ, ആൻജിയോ പ്ലാസ്റ്റി, ജനറൽ മെഡിസിൻ എന്നിവയ്ക്ക് നിശ്ചയിച്ച പരിധിയും പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന മുറി വാടക സംബന്ധിച്ച വിവരവും അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | രോഗി ഡിസ്ചാർജ് ചെയ്തു എത്ര ദിവസം കഴിഞ്ഞതിനു ശേഷമാണ് ഫൈനൽ അപ്രൂവൽ തുക അറിയാൻ സാധിക്കുക എന്നത് വ്യക്തമാക്കുമോ; | (ഇ) | ഡിസ്ചാർജ്ജ് ചെയ്തതിനു ശേഷം എപ്പോഴാണോ ക്ലെയിം തുക അപ്രൂവൽ ആകുന്നത് ആ ദിവസം തന്നെ ഗുണഭോക്താവിന്റെ പോർട്ടലിൽ ഫൈനൽ ക്ലയിം തുക അറിയാൻ സാധിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത പോളിസിയിൽ ഒരാൾക്ക് പ്രീമിയം ഇനത്തിൽ ഇൻഷൂറൻസ് കമ്പനിക്ക് എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | **ജീവനക്കാർ/പെൻഷൻകാരിൽ നിന്നും പ്രതിമാസം Rs.500/- രൂപയാണ് (GST യുൾപ്പെടെ) ഈടാക്കുന്നത്. ആയതിന്റെ പ്രീമിയം ഇനത്തിലെ 472/- രൂപ കമ്പനിക്ക് നൽകുകയും ബാക്കി 28/- രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേക്ക് മാറ്റി വയ്ക്കുകയും ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ

| Treatment | Type of Hospital | | | |
|---|---|---|---|---|
| | Category C | Category B | Category A | Cost of Implant |
| Caesarean Section | 15600 | 16400 | 18000 | |
| Normal Vaginal Delivery | 15100 | 15900 | 17500 | |
| PTCA, inclusive of diagnostic angiogram | 50800 | 53300 | 58600 | 31600 |
| General Medicine | Various as per disease | | | |

Room rent will be paid extra as per the following rate chart .

| **Sl. No** | Type of Ward | Ceiling Limit (INR) |
|---|---|---|
| 1 | General Ward | 1000 |
| 2 | Semiprivate Ward | 1500 |
| 3 | Private Ward | 2000 |
| 4 | ICU/ITU/CCU/NICU/PICU (INCLUDING OXYGENECG/SPO2/NIBP/IBPMONITORING 12 NURSING GNM NURSING ROUND THECLOCK DOCTOR (RESIDENT ONSPOT) DIET SYRINGE PUMP) | 5000 |
| 5 | VENTILATOR CHARGE (INCLUDING ACCESSORIES) PER DAY | 2000 |
| 6 | PNEUPACK VENTILATOR INNURSERY (PER DAY) | 1000 |
| 7 | HIGH DEFINITION UNIT/ (INCLUDING STEPDOWN OXYGEN) | 1500 |
| 8 | EXCHANGE TRANSFUSION | 1200 |
| 9 | O.T. CHARGES FOR EXCHANGE TRANSFUSION | 400 |
| 10 | CRIB (CRITICAL WARD BED) | 1000 |